(സി) സബ്സ്റ്റേഷന്റെയും, അതിനോടനുബന്ധിച്ചുള്ള ലൈനിന്റേയും നിർമ്മാണം ടേൺ കീ അടിസ്ഥാനത്തിൽ മെസ്സേഴ്സ് ആൻഡ്രൂയൂൾ & കമ്പനിക്കാണ് നൽകിയിരുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ പണി തീർക്കാതിരുന്നതിനാലാണ് കാലതാമസം ഉണ്ടായത്.

വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളവർ

40 [2790] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ, ചൊക്ലി മേജർസെക്ഷൻ ഓഫീസുകളിലും പാട്യം, പാറാട് സെക്ഷൻ ഓഫീസുകളിലും എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളവരിൽ ഒ. വൈ. സി. അപേക്ഷിച്ചവർ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ജനറൽ കാറ്റഗറിയിൽ അവസാനമായി കണക്ഷൻ ലഭിച്ചത് ഏത് തീയതിവരെയുള്ള അപേക്ഷകർക്കാണെന്ന് വിശദമാക്കാമോ;

(ഡി) ബാക്കിയുള്ള അപേക്ഷകർക്ക് എന്ന് കണക്ഷൻ നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)	*ഒ.എച്ച്.*	*വെതർ പ്രൂഫ്*
പാനൂർ	401	204
ചൊക്ലി	412	141
പാട്യം	134	68
പാറാട്	326	95

(ബി)	*ഒ.എച്ച്.*	*വെതർ പ്രൂഫ്*
പാനൂർ	6	. .
ചൊക്ലി	4	10
പാട്യം	. .	. .
പാറാട്	4	1

LIBRARY ARCHIVES Kerala Legislative Assembly